**താഴ്ന്ന വിഭാഗം ജീവനക്കാർക്ക് എൽ.ഡി.ക്ലാർക്ക് നിയമനത്തിനുള്ള സംവരണ ക്വാട്ട വർദ്ധിപ്പിക്കാൻ നടപടി**

**9 (2106)** ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ഡി.ക്ലാർക്ക് തസ്തികയിലേക്കുള്ള നിയമനത്തിന് താഴ്ന്ന വിഭാഗം ജീവനക്കാർക്കുള്ള ക്വാട്ട പത്ത് ശതമാനം എന്നുള്ളത് പതിനഞ്ച് ശതമാനം ആക്കുവാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഉത്തരവുണ്ടാക്കുവാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ ജോലി ചെയ്തുവരുന്ന താഴ്ന്ന തസ്തികകൾക്ക് മറ്റ് പ്രൊമോഷൻ സാദ്ധ്യത ഇല്ലാത്ത അവസരത്തിൽ പത്ത് ശതമാനം ക്വാട്ട പതിനഞ്ച് ശതമാനം ആക്കുന്നത് പ്രസ്തുത ജീവനക്കാർക്ക് ഗുണകരമാണെന്ന വസ്തുത കണക്കിലെടുത്ത് അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൽ.ഡി.ക്ലാർക്ക് തസ്തികയിലേക്കുള്ള നിയമനത്തിന് താഴ്ന്ന വിഭാഗം ജീവനക്കാർക്ക് നിലവിലുള്ള ക്വാട്ട അഞ്ച് ശതമാനമാണ്. ഇത് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരിഗണനയിലില്ല.

**സെക്രട്ടേറിയറ്റിനു മുന്നിലെ ബഹുജനസമരം**

**10 (2109)** ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ നയങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് സെക്രട്ടേറിയറ്റിന് മുമ്പിൽ ബഹുജനസമരം നടത്തുന്നതിനെക്കുറിച്ച് ഈ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) കെ. പി. സി. സി. പ്രസിഡന്റ് ഉത്ഘാടനം ചെയ്ത് ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം. പി., ശ്രീ. എഴുകോൺ നാരായണൻ എം.എൽ.എ. എന്നിവർ നേതൃത്വം നൽകി 17-6-2003 ന് നടത്തിയ സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സമരം സർക്കാരിന്റെ നയങ്ങൾക്ക് വിരുദ്ധമാണോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് ആരുടെയെല്ലാം പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാരിന്റെ നയങ്ങളിൽ പ്രതിഷേധിച്ച് സെക്രട്ടേറിയറ്റിന് മുമ്പിൽ സമരം നടത്തുന്നതിന് സർക്കാർ എതിരല്ല. എന്നാൽ ഇതിന്റെ പേരിൽ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുന്നതും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതും ഒഴിവാക്കണമെന്ന് സർക്കാർ ആഗ്രഹിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 'എ'യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) 17-6-2003 തീയതിയിൽ സമരത്തിലേർപ്പെട്ടിരുന്നവർ സെക്രട്ടേറിയറ്റിനു മുമ്പിൽ ഫുട്പാത്തിൽ ഷാമിയാന കെട്ടി മാർഗ്ഗതടസ്സം സൃഷ്ടിച്ചതിലേക്ക് ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം. പി., ഐ.എൻ.ടി.യു.സി. ജനറൽ സെക്രട്ടറി ശ്രീ. സത്യശീലൻ മറ്റ് കണ്ടാലറിയാവുന്ന 50-ഓളം പേർക്കെതിരെ കൺറ്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 124/03 നമ്പരായി സെക്ഷൻസ് 143, 147, 149, 383 ഐ.പി.സി. പ്രകാരവും 38 ആർ/ഡബ്ല്യു. സെക്ഷൻ 52 ഓഫ് കെ. പി. ആക്ട് പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ചെന്നൈയിൽ കേരളത്തിന് അവകാശപ്പെട്ട സ്ഥലം**

**11 (2111)** ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെന്നൈയിൽ കേരളത്തിന് അവകാശപ്പെട്ട ഏതെങ്കിലും സ്ഥലമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിസ്തൃതി എത്ര എന്ന് വെളിപ്പെടുത്താമോ ;

(സി) ഈ സ്ഥലത്ത് സാംസ്കാരിക നിലയവും ഗസ്റ്റ് ഹൗസും പണിയുന്നതിന് 18-6-1998 ൽ കേരളസർക്കാർ ഉത്തരവായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) ഈ സ്ഥലം സ്വകാര്യമേഖലയ്ക്ക് കൈമാറുന്നതിന് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ 18-6-1998-ലെ ഉത്തരവു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 55 സെന്റ് സ്ഥലം.

LIBRARY ARCHIVES Kerala Legislative Assembly